- ഷോപ്പിംഗ് കോംപ്ലക്സിൽ ലഭ്യമാകുന്ന സ്ഥലം
- ഘടകസ്ഥാപനങ്ങളിൽ ലഭ്യമാകുന്ന സ്ഥലം
- ഒഴിഞ്ഞു കിടക്കുന്നതും ഉപയോഗയോഗ്യമായതുമായ മറ്റ് കെട്ടിടങ്ങൾ

(i) മേൽപ്പറഞ്ഞ പ്രകാരം കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാർഡിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് എത്തിപ്പെടാൻ സൗകര്യമുള്ള വാടക കെട്ടിടം ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനായി കണ്ടെത്തേണ്ടതാണ്.


(ii) ഈ കെട്ടിടത്തിന്റെ വാടക തദ്ദേശസ്വയംഭരണസ്ഥാപനതല എഞ്ചിനീയർ വാടക നിർണയ ചട്ടങ്ങൾക്ക് വിധേയമായി നിശ്ചയിക്കേണ്ടതും, അത് പ്രകാരം നിശ്ചയിച്ച പ്രകാരമുള്ള വാടക നൽകാവുന്നതുമാണ്

(iii) ഗ്രാമകേന്ദ്ര/വാർഡ്കേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, വാർഡ് വികസന സമിതി യോഗങ്ങൾക്കുള്ള യോഗനടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000/- ക. വരെ വികസന-തനത് ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.

(iv) മറ്റ് പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെയും പ്രാദേശിക വിഭവസമാഹരണത്തിലൂടെയും കണ്ടെത്തേണ്ടതാണ്.

(v) കേന്ദ്രത്തിനാവശ്യമായ ഫർണിച്ചറുകൾ വികസന ഫണ്ടോ, തനതു ഫണ്ടോ ഉപയോഗിച്ച് വാങ്ങാവുന്നതാണ്.

(vi) 'സേവാഗ്രാം' ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം, രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ചിത്രം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര്, വാർഡിന്റെ നമ്പർ, പേര് എന്നിവ രേഖപ്പെടുത്തിയ (1.20m x 0.9m വലിപ്പമുള്ള) ബോർഡ് ഉണ്ടായിരിക്കണം. അലുമിനിയം/മെറ്റൽഷീറ്റിൽ തയ്യാറാക്കിയ, മഞ്ഞനിറത്തിലുള്ള ബോർഡിൽ കറുത്ത അക്ഷരങ്ങളിൽ താഴെ കൊടുത്ത മാതൃകയിലായിരിക്കണം ബോർഡ് തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടത്.



### 3.7 ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം ഫെസിലിറ്റേറ്ററുടെ ചുമതലകൾ

1. നിശ്ചിത സമയം (ആഴ്ച്ചയിൽ 5 ദിവസം വൈകീട്ട് 3 മണി മുതൽ 7 മണി വരെ ) കേന്ദ്രം തുറന്ന് പ്രവർത്തിക്കുക-ഫെസിലിറ്റേറ്റർ ഈ സമയത്ത് കേന്ദ്രത്തിൽ ഉണ്ടായിരിക്കണം.
2. ഗ്രാമകേന്ദ്രത്തിൽ/വാർഡ്കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതായ രേഖകൾ രജിസ്റ്ററുകൾ എന്നിവ ശേഖരിക്കുക, സൂക്ഷിക്കുക
3. ഗ്രാമകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളതായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ആവശ്യപ്പെടുന്നവർക്ക് പരിശോധനയ്ക്കായി നൽകുക
4. ഓഫീസ് പ്രവൃത്തികൾ ചെയ്യുക
5. തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന്/തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷാഫോറങ്ങൾ ആവശ്യക്കാർക്ക് വിതരണം ചെയ്യുക, പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിച്ച് രജിസ്റ്ററിൽ ചേർത്ത് ഗ്രാമകേന്ദ്രങ്ങളിൽ/വാർഡ്കേന്ദ്രങ്ങളിൽ ലഭിച്ചതിനുള്ള കൈപ്പറ്റ് രശീതി നൽകുക, സ്വീകരിച്ച അപേക്ഷകൾ കാലതാമസം വരുത്താതെ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ സമർപ്പിക്കുക
6. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അറിയിപ്പുകൾ, നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക
7. വാർഡ് വികസന സമിതിയുടെ ചെയർമാൻ, കൺവീനർ എന്നിവരുടെ നിർദ്ദേശാനുസരണം ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം, വാർഡ് വികസന സമിതി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക.
8. തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന വിവിധ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അക്കാര്യം അന്വേഷിച്ചു വരുന്നവർക്ക് നൽകുക.
9. സർക്കാർ നിർദ്ദേശാനുസരണം ഫെസിലിറ്റേറ്റർ നിറവേറ്റേണ്ടതായ ചുമതലകൾ നിറവേറ്റുക

............

## 4.4 പദ്ധതി രൂപീകരണവും നിർവഹണവും വാർഡ്‌വികസന സമിതിയും

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3.7.2015 ലെ 218/2015 നമ്പർ ഉത്തരവും പദ്ധതി ആസൂത്രണമാർഗരേഖയും (സ.ഉ.(എം.എസ്) നമ്പർ 4/2016/തസ്വഭവ തീയതി 11.1.2016) വാർഡ് വികസന സമിതികൾക്ക് പദ്ധതി ആസൂത്രണത്തിലുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും അവകാശങ്ങളും വിശദമാക്കുന്നുണ്ട്. പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

1. **വർക്കിംഗ് ഗ്രൂപ്പ് രൂപീകരണത്തിൽ**
   ഗ്രാമപഞ്ചായത്തുകളിലേയും നഗരഭരണസ്ഥാപനങ്ങളിലേയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ വാർഡ് വികസന സമിതികളിൽ നിന്ന് നിർദ്ദേശിക്കുന്നവരാണ്. അതിനായി ഓരോ വാർഡ് വികസനസമിതിയും ഓരോ വർക്കിംഗ് ഗ്രൂപ്പിലേക്ക് അനുയോജ്യനായ ഒരാളെ (ഉദാ: വാർഡ് വികസന സമിതി അംഗങ്ങളിൽ നിന്ന് കൃഷി വിദഗ്ദ്ധനായ ഒരാളെ കൃഷി വർക്കിംഗ് ഗ്രൂപ്പിലേക്ക്) വാർഡ് വികസന സമിതി അംഗങ്ങൾക്കിടയിൽ നിന്ന് നിർദ്ദേശിക്കേണ്ടതാണ്. ഇങ്ങനെ നിർദ്ദേശിക്കപ്പെടുന്നവരുടെ പേര് വിവരം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കി ഗ്രാമപഞ്ചായത്ത്/നഗരസഭക്ക് പ്രസ്തുത വാർഡിലെ മെമ്പർ/കൗൺസിലർ യഥാസമയം നൽകേണ്ടതാണ്. (വാർഡ് വികസന സമിതി നിർദ്ദേശിക്കുന്നവർക്ക് പുറമെ ആവശ്യമെങ്കിൽ പരമാവധി 3 വിദഗ്ദ്ധരെ കൂടി ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമപഞ്ചായത്തിന് /നഗരസഭക്ക് ഉൾപ്പെടുത്താവുന്നതാണ്.)

2. **പദ്ധതി രൂപീകരണത്തിൽ**
   തദ്ദേശഭരണസ്ഥാപനം തയ്യാറാക്കിയ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ വാർഡിലെ ഓരോ അയൽസഭയും ചർച്ച ചെയ്ത് അവയുടെ ശുപാർശകൾ നിശ്ചിതഫോറത്തിൽ തയ്യാറാക്കി വാർഡ് വികസന സമിതിക്ക് നൽകേണ്ടതാണ്. (ഇതിനായി ഓരോ ഗ്രാമപഞ്ചായത്ത്/നഗരഭരണസ്ഥാപനവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി വാർഡ് വികസന സമിതി മുഖേന അയൽസഭകൾക്ക് നൽകേണ്ടതാണ്). അയൽസഭകളിൽ നിന്ന് ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ വാർഡ് വികസന സമിതി വിലയിരുത്തുകയും ക്രോഡീകരിക്കുകയും ചെയ്തശേഷം അയൽസഭകളുടെ നിർദ്ദേശങ്ങളോടൊപ്പം വാർഡ് വികസന സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാർഡിന്റെ ഒരു പ്ലാൻ (കമ്മ്യൂണിറ്റി പ്ലാൻ ) തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്/നഗരസഭക്ക് സമർപ്പിക്കേണ്ടതാണ്. വാർഡ് വികസന സമിതികൾ സമർപ്പിക്കുന്ന കമ്മ്യൂണിറ്റി പ്ലാനുകൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം തദ്ദേശഭരണസ്ഥാപനം കരട് പദ്ധതിക്ക് രൂപം നൽകേണ്ടത്.

3. **പദ്ധതി നിർവഹണം മോണിറ്ററിംഗ്**
   ഓരോ വാർഡിലും നടക്കുന്ന പ്രോജക്റ്റ് പ്രവർത്തനങ്ങളുടെ നിർവഹണ വിവരങ്ങൾ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ആ വാർഡിലെ വാർഡ് വികസന സമിതിയേയും അയൽസഭകളേയും അറിയിക്കണം. അയൽസഭകൾ പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുകയും വിലയിരുത്തുകയും ചെയ്തശേഷം അവയുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ വാർഡ് വികസന സമിതിക്ക് സമർപ്പിക്കണം. അയൽസഭകളിൽ നിന്ന് ലഭിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടുകൾ വാർഡ് വികസന സമിതി വിലയിരുത്തുകയും വാർഡ് വികസന സമിതിയുടെ അഭിപ്രായം കൂടി രേഖപ്പെടുത്തി മോണിറ്ററിംഗ് റിപ്പോട്ട് നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണസ്ഥാപനത്തിനും നൽകുകയും വേണം. വാർഡ് വികസന സമിതികളിൽ നിന്ന് ലഭിക്കുന്ന ഇത്തരം റിപ്പോർട്ടുകളിൽ പറയുന്ന കാര്യങ്ങളിൽ ആവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണസ്ഥാപനവും കൈക്കൊള്ളേണ്ടതാണ്.

മേൽ പറഞ്ഞവ ഉദാഹരണങ്ങൾ മാത്രമാണ്. ഇത് പോലുള്ള പ്രവർത്തനങ്ങൾ വലിയ സംഘാടനമോ സാങ്കേതിക പ്രശ്നങ്ങളോ ഇല്ലാതെ അതാത് അയൽസഭ പ്രദേശത്ത് സംഘടിപ്പിക്കാവുന്നതാണ്. ഓരോ അയൽസഭയും ഇത്തരം ഒന്നോ രണ്ടോ പ്രവർത്തന ങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

## 5.5 അയൽസഭയും പദ്ധതി ആസൂത്രണവും

1. സൂക്ഷ്മതല ആസൂത്രണം പ്രാദേശിക പദ്ധതികളുടെ സവിശേഷതയാണ്. ഗ്രാമപ ഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും പദ്ധതി ആസൂത്രണത്തിൽ അയൽസഭകൾക്കും വാർഡ് വികസന സമിതികൾക്കും വലിയ പങ്കാണ് നൽകിയി ട്ടുള്ളത്. തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാൻ കഴിയുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 3.7.2015 ലെ 218/2015 നമ്പർ ഉത്തരവിലും പദ്ധതി ആസൂത്ര ണമാർഗരേഖയിലും (സ.ഉ (എം.എസ്) നമ്പർ 4/2016/തസ്വഭവ തീയതി 11.1.2016) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തിനുള്ള കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ/വാർഡ്സഭയിൽ ചർച്ച ക്കായി നൽകുന്നതിന് മുമ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിരിക്കേണ്ടതാണ്.

- സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഭാഗം 2 ആയി വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്റ്റ്, നിർദ്ദേ ശങ്ങൾ നിശ്ചിതഫോറത്തിൽ തയ്യാറാക്കണം
- വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്റ്റ് നിർദ്ദേശങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് പ്രിന്റ് ഔട്ട് എടുത്ത് വാർഡ് വികസന സമിതികൾ മുഖേന അയൽസഭകൾക്ക് ചർച്ചക്കും നിർദ്ദേശങ്ങൾക്കുമായി നൽകണം
- കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ അയൽസഭകൾ ചർച്ച ചെയ്തശേഷം അയൽ സഭയുടെ നിർദ്ദേശങ്ങൾ/ശുപാർശകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി വാർഡ് വികസന സമിതിക്ക് നൽകണം
- വാർഡിലെ അയൽസഭകളിൽ നിന്ന് ലഭിച്ച പ്രോജക്റ്റ് നിർദ്ദേശങ്ങൾ വാർഡ് വിക സന സമിതി ക്രോഡീകരിച്ച ശേഷം ചർച്ച നടത്തുകയും വാർഡ് വികസന സമി തിയുടെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും അയൽസഭാനിർദ്ദേശ ങ്ങളോടൊപ്പം ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാർഡ്തല പ്ലാൻ (കമ്മ്യൂണിറ്റി പ്ലാൻ) വാർഡ് വികസന സമിതി തയ്യാറാക്കുകയും വേണം.
- വാർഡ് വികസന സമിതി തയ്യാറാക്കിയ കമ്മ്യൂണിറ്റി പ്ലാൻ ഗ്രാമപഞ്ചായത്തിന് /നഗരസഭക്ക് നൽകണം
- വാർഡ് വികസന സമിതികളിൽ നിന്ന് ലഭിച്ച കമ്മ്യൂണിറ്റി പ്ലാനുകൾ വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ച് അതിൻ പ്രകാരം ആദ്യം തയ്യാറാക്കിയ പ്രോജക്റ്റ് നിർദ്ദേ ശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയ ശേഷമായിരിക്കണം പ്രോജക്റ്റ് നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ/വാർഡ്സഭയിൽ ചർച്ചക്കായി നൽകേണ്ടത്.
- അയൽസഭകളുടെ പദ്ധതി നിർദ്ദേശങ്ങളും വാർഡ് വികസന സമിതി തയ്യാറാക്കിയ കമ്മ്യൂണിറ്റി പ്ലാനും പദ്ധതി ആസുത്രണം ഗ്രാമസഭയിൽ/വാർഡ്സഭയിൽ ചർച്ച ചെയ്യണം.

- മേൽപ്പറഞ്ഞവയെല്ലാം ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗ്രാമസഭ/വാർഡ്സഭ പ്രോജക്റ്റുകൾ ശുപാർശ ചെയ്യേണ്ടത്/പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകേണ്ടത്.

## 5.6 അയൽസഭകളും ഗുണഭോക്തൃ തിരഞ്ഞെടുപ്പും

1. തദ്ദേശഭരണവകുപ്പിന്റെ 3.7.2015 ലെ 218/2015 നമ്പർ ഉത്തരവ്, പദ്ധതി ആസൂത്രണ മാർഗരേഖ എന്നിവ പ്രകാരം ക്ഷേമപെൻഷനുകൾക്ക് വേണ്ടിയുള്ളതുൾപ്പടെ വിവിധ ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ്സഭ തിര ഞ്ഞെടുക്കുന്നതിന് മുമ്പായി, അപേക്ഷകൻ/അപേക്ഷക ഏത് അയൽസഭയിലെ അംഗമാണോ ആ അയൽസഭയുടെ അനുകൂലമായ ശുപാർശ ഉണ്ടായിരിക്കേണ്ടതാ ണ്. അത് പോലെ സാമൂഹ്യപെൻഷൻ പോലെയുള്ള സ്ഥിരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ അർഹത പരിശോധിക്കാനും അയൽസഭകൾക്കധികാരമുണ്ട്.

2. മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ അയൽസഭക ളുടേയും വാർഡ് വികസന സമിതിയുടെയും ഗ്രാമകേന്ദ്രത്തിന്റേയും ഇടപെടലുകൾ സാധ്യമാക്കുന്നതിന് :-

- ആനുകൂല്യം/സഹായം നൽകുന്ന പരിപാടികളെക്കുറിച്ച് വ്യാപകമായ പ്രചരണം ഗ്രാമകേന്ദ്രം വഴിയും അയൽസഭകൾ വഴിയും നടത്തേണ്ടതാണ്. (അതിനാവശ്യ മായ വിവരങ്ങളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്ത്/നഗരസഭ യഥാസമയം വാർഡ് വികസന സമിതിക്കും അയൽസഭകൾക്കും നൽകേണ്ടതാണ്)
- അപേക്ഷാഫോറങ്ങൾ അയൽസഭകൾ വഴിയും ഗ്രാമ/വാർഡ്കേന്ദ്രം വഴിയും ആവ ശ്യക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്.
- പൂരിപ്പിച്ച അപേക്ഷകൾ ഗ്രാമകേന്ദ്രത്തിൽ സ്വീകരിച്ച് രജിസ്റ്ററിൽ ചേർത്ത് താല്ക്കാ ലിക രശീതി നൽകേണ്ടതാണ്.
- ഗ്രാമകേന്ദ്രത്തിൽ സ്വീകരിച്ച അപേക്ഷകൾ തൊട്ടടുത്ത ദിവസം ഗ്രാമപഞ്ചായ ത്തിൽ/നഗരസഭയിൽ ഏല്പിക്കേണ്ടതാണ്
- വർക്കിംഗ് ഗ്രൂപ്പുകൾ മാർക്ക് ഇട്ട് തയ്യാറാക്കിയ ഓരോ ആനുകൂല്യത്തിനുമുള്ള കരട് മുൻഗണനാലിസ്റ്റ് ഉദ്യോഗസ്ഥരുടെ ഫീൽഡ് വെരിഫിക്കേഷന് ശേഷം വാർഡ് വികസന സമിതി മുഖേണ അയൽസഭകൾക്ക് നൽകേണ്ടതാണ്
- അയൽസഭകൾ അപേക്ഷകയുടെ /അപേക്ഷകന്റെ അർഹതയും മുൻഗണനാക്ര മവും പരിശോധിക്കേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ അയൽസഭയുടെ ആനുകൂല്യമോ പ്രതികൂലമോ ആയ ശുപാർശ തയ്യാറാക്കേണ്ടതുമാണ്.
- അയൽസഭയുടെ രേഖാമൂലമുള്ള ശുപാർശ സഹിതമുള്ള കരട് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയുടെ /വാർഡ്സഭയുടെ തീരുമാനത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കേണ്ടതാണ്. (അയൽസഭയുടെ ശുപാർശ സഹിതമുള്ള കരട് ഗുണ ഭോക്തൃ ലിസ്റ്റായിരിക്കണം ഗ്രാമസഭ/വാർഡ്സഭയിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടത്)

## 5.7 അയൽസഭയും നിർമ്മാണ പ്രവൃത്തികളുടെ നിർവഹണവും

അയൽസഭാ നിർവാഹക സമിതികൾക്ക് ഗുണഭോക്തൃസമിതികൾ എന്ന നിലയിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. അയൽസഭാ നിർവാഹക

സമിതിക്ക് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

- 5 ലക്ഷം രൂപയിൽ അധികാരിക്കാത്ത പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാവൂ.
- അയൽസഭയുടെ ഭൂപരിധിയ്ക്കകത്തുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാവൂ
- എസ്റ്റിമേറ്റും നടത്തിപ്പ് കാര്യങ്ങളും അയൽസഭാപൊതുയോഗവും അയൽസഭാ നിർവാഹക സമിതിയും ചർച്ച ചെയ്ത് ഏറ്റെടുക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കണം. പൊതുയോഗവും നിർവാഹക സമിതിയും ഏറ്റെടുക്കാമെന്ന് തീരുമാനിച്ച് യോഗ മിനിട്സിൽ രേഖപ്പെടുത്തിയ ശേഷം മാത്രമെ ഒരു പ്രവൃത്തി ഏറ്റെടുക്കാവൂ. (അയൽസഭാ നിർവാഹകസമിതികൾക്ക് നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കാനും ഏറ്റെടുക്കാതിരിക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്)
- അയൽസഭാ നിർവാഹക സമിതി ഏറ്റെടുത്ത ഒരു നിർമ്മാണപ്രവൃത്തി ഒരു കാരണവശാലും ബിനാമി ഏർപ്പാട് ആയി ഏതെങ്കിലും കരാറുകാരനെ കൊണ്ട് ചെയ്യിക്കാൻ പാടില്ല (അങ്ങിനെ ചെയ്യുന്നത് കുറ്റകരമാണ്)
- ഒരു നിർമ്മാണപ്രവൃത്തി അയൽസഭാ നിർവാഹക സമിതി ഏറ്റെടുക്കുകയാണെങ്കിൽ തദ്ദേശഭരണസ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്.കരാർ പ്രകാരം നിർവാഹക സമിതിയിലെ 11 അംഗങ്ങൾക്കും ഒരു പോലെ ബാധ്യത ഉണ്ടായിരിക്കുന്നതാണ്.
- ഗുണഭോക്തൃ സമിതികൾ ഒരു പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ബാധകമായ എല്ലാ നിബന്ധനകളും അയൽസഭാ നിർവാഹക സമിതികൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കും ബാധകമായിരിക്കുന്നതാണ്.
- ഒന്നിലധികം അയൽസഭകളുടെ പ്രദേശത്ത് നടത്തുന്ന ഒരു നിർമ്മാണപ്രവൃത്തിയാണെങ്കിൽ (ഉദാ: റോഡ്, കനാൽ, പൈപ്പ് ലൈൻ) പ്രവൃത്തി നടക്കുന്ന എല്ലാ അയൽസഭകളുടേയും നിർവാഹകസമിതികളുടെ സംയുക്തയോഗം ചേർന്ന് പ്രവൃത്തി ഏറ്റെടുക്കാൻ തീരുമാനിക്കേണ്ടതും എല്ലാ അയൽസഭാ നിർവാഹകസമിതികൾക്കും പ്രാതിനിധ്യമുണ്ടാകും വിധം അവയിലെ അംഗങ്ങളിൽ നിന്ന് പതിനൊന്നംഗ അയൽസഭാ ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടതുമാണ്. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന അയൽസഭാ ഗുണഭോക്തൃ സമിതിയായിരിക്കണം അയൽസഭാ നിർവാഹകസമിതിക്ക് സമാനമായ രീതിയിലുള്ള സമിതിയായി തദ്ദേശഭരണസ്ഥാപനവുമായി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തേണ്ടത്. (ഇങ്ങനെയുള്ള സംഗതിയിലും ബന്ധപ്പെട്ട എല്ലാ അയൽസഭകളുടേയും പൊതുയോഗത്തിന്റേയും നിർവാഹകസമിതികളുടേയും അനുമതി ആവശ്യമാണ്.)

## 5.8 അയൽസഭാ യോഗനടപടിക്രമങ്ങൾ

1. അയൽസഭയുടെ യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കലും ഇടക്കുള്ള കാലയളവിൽ ആവശ്യാനുസരണവും പ്രദേശത്തെ സൗകര്യപ്രദമായ സ്ഥലത്ത് ചെയർമാനുമായി കൂടിയാലോചിച്ച് കൺവീനർ വിളിച്ചുകൂട്ടേണ്ടതും യോഗത്തിന്റെ അജണ്ടയും തീയതിയും സ്ഥലവും സമയവും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് മൂന്ന് ദിവസമെങ്കിലും മുമ്പായി അംഗങ്ങളായ കുടുംബങ്ങൾക്ക് നൽകേണ്ടതുമാണ്. നോട്ടീസ് പൊതുനോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. അയൽസഭ യോഗ വിവരം വാർഡിലെ ജനപ്രതിനിധിയെ അറിയിച്ച് വിളിച്ചുചേർക്കേണ്ടതാണ്.

